പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3103 — 19-06-2018 ൽ മറുപടിക്ക്

## കാർഷിക കർമ്മസേനയ്ക്ക് പിക്കപ്പ് വാൻ

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് ഒരു പിക്കപ്പ് വാൻ അനുവദിക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസി തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് ഒരു പിക്കപ്പ് വാൻ അനുവദിക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസിയുടെ 13.12.2017 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് പിക്കപ്പ് വാൻ അനുവദിക്കുന്നതിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ, 'ആത്മ' പ്രോജക്ട് ഡയറക്ടറെ ഓണാട്ടുകര വികസന ഏജൻസി ചുമതലപ്പെടുത്തിയിരുന്നു. വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതി തുക ചെലവഴിക്കുവാൻ പാടില്ല എന്ന് അഗ്രോ സർവ്വീസ് സെന്റേഴ്സ് & സർവ്വീസ് ഡെലിവറി പദ്ധതിയുടെ ഭരണാനുമതിയിൽ വ്യവസ്ഥയുള്ളതിനാൽ, പിക്കപ്പ് വാൻ അനുവദിക്കണമെന്ന ഓണാട്ടുകര വികസന ഏജൻസിയുടെ ആവശ്യം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ